LIBRARY ARCHIVES Kerala Legislative Assembly

അട്ടപ്പാടിയിലെ ആദിവാസികൾക്ക് ചികിത്സാ സഹായം

91 (798) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം അട്ടപ്പാടിയിലെ 192 ഊരുകളിലായി ജീവിക്കുന്ന ആദിവാസി സ്ത്രീകൾ, ഗർഭിണികൾ, ഗർഭസ്ഥശിശുക്കൾ, കുട്ടികൾ, വൃദ്ധർ ഉൾപ്പെടെ കുടുംബങ്ങൾക്ക് വേണ്ട ചികിത്സയോ, ചികിത്സാ സഹായമോ ലഭ്യമാകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ ആരോഗ്യവകുപ്പിന്റെ വീഴ്ചകൾമൂലവും, പോഷകാഹാരക്കുറവുമൂലവും മരണപ്പെട്ട ഗർഭിണികൾ, ഗർഭസ്ഥ ശിശുക്കൾ, കുട്ടികൾ, ആദിവാസി അമ്മമാർ, വൃദ്ധർ തുടങ്ങിയവർ എത്രവീതമെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ ;

(സി) ആരോഗ്യ വകുപ്പിന്റെ സേവനം ലഭ്യമാകാത്തതിനാൽ മറ്റു സംസ്ഥാനങ്ങളിൽപ്പോയി ചികിത്സ തേടുന്ന ഇവർക്ക് ചികിത്സാസഹായമോ, മരണപ്പെട്ടവരെ നാട്ടിലെത്തിക്കുന്നതിനുള്ള സഹായമോ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ, ഇവർക്ക് സഹായം ലഭ്യമാക്കാൻ തയ്യാറാകാത്ത ആരോഗ്യ വകുപ്പുദ്യോഗസ്ഥർ ആരെല്ലാം ; ഇവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) അട്ടപ്പാടിയിൽ ആദിവാസികൾക്ക് ചികിത്സാസഹായം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ടൈബൽ ആശുപത്രികളിൽ വേണ്ടുന്ന ജീവനക്കാരോ മരുന്നുകളോ ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ., ഇതു പരിഹരിക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അട്ടപ്പാടിയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ അധികമായി തസ്തിക സൃഷ്ടിച്ച് ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ അടക്കമുള്ളവരെ നിയമിക്കുകയും ദേശീയ ആരോഗ്യ ദൗത്യം വഴി താൽക്കാലിക ജീവനക്കാരെ നിയമിക്കുകയും ആവശ്യമായ ലബോറട്ടറി ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ഗർഭിണികളുടെയും 5 വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങളുടെയും ആരോഗ്യ വിവരം മോണിറ്റർ ചെയ്യാൻ ജാതക്-ജനനി എന്ന കമ്പ്യൂട്ടർവൽകൃത പദ്ധതി ആവിഷ്കരിച്ചും വേണ്ട സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്.

(ബി) പോഷകാഹാരക്കുറവുമൂലം അട്ടപ്പാടിയിൽ ഗർഭിണികൾ, കുട്ടികൾ, ആദിവാസി അമ്മമാർ, വൃദ്ധർ തുടങ്ങിയവർ ആരും മരണപ്പെട്ടിട്ടില്ല. ഗർഭസ്ഥ ശിശുക്കൾ അമ്മയുടെ പോഷകാഹാരക്കുറവുമൂലം തൂക്കക്കുറവോടെ ജനിക്കുകയും തുടർന്ന് പല അസുഖങ്ങൾ ബാധിച്ച് മരണപ്പെട്ടിട്ടുമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അട്ടപ്പാടിയിൽ മരിച്ച ശിശുക്കളുടെ കണക്ക് ചുവടെ ചേർക്കുന്നു :

2011	-	3
2012	-	16
2013	-	31
2014	-	13

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇങ്ങനെയുള്ള അവസരങ്ങളിൽ ട്രൈബൽ വകുപ്പിനെ അറിയിക്കുകയും വേണ്ട സേവനങ്ങൾ ലഭ്യമാക്കുവാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ആരോഗ്യ വകുപ്പിൽനിന്നും സാദ്ധ്യമായ എല്ലാ സേവനങ്ങളും ലഭ്യമാക്കുന്നുണ്ട്.

(ഇ) കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിലുള്ള തസ്തികകളിൽ എല്ലാംതന്നെ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ 15 ജീവനക്കാരെ കരാർ അടിസ്ഥാനത്തിലും എച്ച്.ഡി.സി. വഴിയും നിയമിച്ചിട്ടുണ്ട്. അഗളി സി.എച്ച്.സി.-യിൽ ഒരു ഗൈനക്കോളജിസ്റ്റിനെയും പീഡിയാട്രിഷനെയും നിയമിച്ചിട്ടുണ്ട്. അവർ ഉടൻ ജോലിയിൽ പ്രവേശിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ലഭ്യമല്ലാത്ത മരുന്നുകൾ ട്രൈബൽ വകുപ്പിന്റെ സഹായത്തോടെ ലഭ്യമാക്കുന്നുണ്ട്.

ആശുപത്രികളിലും മാനസിക കേന്ദ്രങ്ങളിലുമുള്ള മരുന്നുക്ഷാമം

92 (799) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.എച്ച്.സി., പി.എച്ച്.സി., ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ രൂക്ഷമായ മരുന്നുക്ഷാമം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ മാധ്യമങ്ങളിൽ വന്നിട്ടുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇപ്രകാരം സംഭവിക്കുവാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly